■ ലേഖനം

ഫൈസൽ കൊച്ചി

# വിവാഹ രജിസ്ട്രേഷൻ നിയമവും മുസ്‌ലിംകളും

**2006** ഫെബ്രുവരി 14-ന് സീമ-അശ്വനികുമാർ കേസിൽ സുപ്രീംകോടതി ജഡ്ജി അരിജിത് പസായത് നടത്തിയ വിധിന്യായത്തിൽ രാജ്യത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും മതപരിഗണനയില്ലാതെ ബാധകമായ വിവാഹ രജിസ്ട്രേഷൻ നിയമം നിർമിക്കാൻ സംസ്ഥാന സർക്കാറുകളോട് ഉത്തരവിടുകയുണ്ടായി. കോടതിവിധിയുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ നിർമിക്കാനുദ്ദേശിക്കുന്ന നിയമത്തിന്റെ കരട് 16.11.2006-ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുപ്രീംകോടതി ഉത്തരവിനെയും കരട് നിയമത്തെയും സംബന്ധിച്ച ചർച്ചകൾ ഇന്ന് കേരളത്തിലെ മത സമൂഹങ്ങൾക്കിടയിൽ പൊതുവെയും, മുസ്‌ലിം പണ്ഡിതന്മാർക്കിടയിൽ സവിശേഷമായും നടന്നുവരികയാണ്. സുപ്രീം കോടതിവിധിയോട് മുസ്‌ലിംപണ്ഡിതന്മാരും വേദികളും അനുകൂലമായിതന്നെയാണ് പ്രതികരിച്ചിട്ടുള്ളത്. വിവാഹം ഇസ്‌ലാമിൽ വളരെ ഉത്തരവാദപ്പെട്ട സംവിധാനമാകയാൽ സാക്ഷികളുടെ സാന്നിധ്യത്തിൽ നിർവഹിക്കപ്പെടുന്നതുതന്നെ രജിസ്ട്രേഷൻ മുന്നോട്ടുവെക്കുന്ന തത്ത്വം അംഗീകരിച്ചുകൊണ്ടാണ്. കൂടാതെ അതതു പ്രദേശത്തെ മഹല്ലുകളിലെ രജിസ്റ്ററുകളിലും വിവാഹം രേഖപ്പെടുത്തുന്നുണ്ട്. അതിനാൽ നിലവിലുള്ള നിയമത്തിൽ വിവരിക്കുംപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ അത് യഥാർഥത്തിൽ 'രണ്ടാം രജിസ്ട്രേഷൻ' മാത്രമായാണ് അനുഭവപ്പെടുന്നതെന്നും അതിൽ വിയോജിക്കേണ്ട കാര്യമില്ലെന്നുമാണ് അഖിലേന്ത്യാ മുസ്‌ലിം വ്യക്തിനിയമ ബോർഡ് വക്താവ് ഖാസിം റസൂൽ ഇല്യാസ് അഭിപ്രായപ്പെട്ടത്. ജനനം, മരണം എന്നിവ സംബന്ധിച്ച ഔദ്യോഗിക രേഖകൾ സർക്കാർ സൂക്ഷിക്കുന്നത് പൗരന്മാർക്ക് ഏറെ സഹായകമാണ്. വിവാഹം സംബന്ധിച്ച രേഖകളും നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുതകുമെന്ന കാര്യത്തിൽ സംശയമില്ല. വിവാഹം, വിവാഹമോചനം, സ്ത്രീധന തർക്കങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ തുടങ്ങി വിവാഹവുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ നീതി ഉറപ്പുവരുത്താൻ ഔദ്യോഗിക രേഖകൾ ആവശ്യവുമാണ്.

മുസ്‌ലിം പണ്ഡിതന്മാർ പ്രഥമ ദൃഷ്ട്യാ സുപ്രീംകോടതിയുടെ നീക്കത്തെ അനുകൂലിച്ചുവെങ്കിലും സീമ-അശ്വിനികുമാർ കേസിന്റെ വിധിന്യായത്തിലെ വരികൾക്കിടയിൽ ഏകീകൃത സിവിൽകോഡ് ആവശ്യമാണെന്ന് ധ്വനിയുണ്ട്. ഇന്ത്യയിൽ വിവാഹം സംബന്ധിച്ച ഏകീകൃത നിയമമില്ലാത്തത് വലിയ ദൗർബല്യമാണെന്ന് വിധി ചൂണ്ടിക്കാട്ടുന്നു. ശൈശവവിവാഹങ്ങളും വിവാഹ തർക്കങ്ങളും ഇന്ത്യയിൽ നിലനിൽക്കുന്നതിനുള്ള കാരണവും ഏകീകൃത നിയമത്തിന്റെ അഭാവം മൂലമാണത്രെ! ശൈശവവിവാഹം ഇല്ലാതാക്കുക, നിർബന്ധിത വിവാഹം ഒഴിവാക്കുക, നിയമവിരുദ്ധമായ ബഹുഭാര്യാത്വം/ബഹുഭർതൃത്വം തടയുക, വിവാഹിതരായ സ്ത്രീകളുടെയും വിധവകളുടെയും അവകാശങ്ങൾ സംരക്ഷിക്കുക, വിദേശികൾക്കിടയിലുള്ള വിവാഹ കച്ചവടം അവസാനിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നിയമം വിഭാവന ചെയ്യുന്നുണ്ട്. എന്നാൽ കേവലം ഒരു നിയമം പാസ്സാക്കുന്നതിലൂടെ മാത്രം കൈവരിക്കാനാവുന്നതല്ല ഈ ലക്ഷ്യങ്ങൾ എന്നതിന്റെ ഏറ്റവും ലളിതമായ ഉദാഹരണമാണ് അഴിമതി-സ്ത്രീധന നിരോധന നിയമങ്ങൾ. മാത്രമല്ല, ഇതെല്ലാം നടക്കുന്നത് മതവിശ്വാസികളുടെ പ്രവർത്തനം മൂലമാണെന്നും മതപരിഗണനയില്ലാതെ

**ശൈശവവിവാഹം ഇല്ലാതാക്കുക, നിർബന്ധിത വിവാഹം ഒഴിവാക്കുക, നിയമവിരുദ്ധമായ ബഹുഭാര്യാത്വം/ബഹുഭർതൃത്വം തടയുക, വിവാഹിതരായ സ്ത്രീകളുടെയും വിധവകളുടെയും അവകാശങ്ങൾ സംരക്ഷിക്കുക, വിദേശികൾക്കിടയിലുള്ള വിവാഹ കച്ചവടം അവസാനിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ വിവാഹ രജിസ്ട്രേഷൻ നിയമം വിഭാവന ചെയ്യുന്നുണ്ട്. എന്നാൽ കേവലം ഒരു നിയമം പാസ്സാക്കുന്നതിലൂടെ മാത്രം കൈവരിക്കാനാവുന്നതല്ല ഈ ലക്ഷ്യങ്ങൾ എന്നതിന്റെ ഏറ്റവും ലളിതമായ ഉദാഹരണമാണ് അഴിമതി- സ്ത്രീധന നിരോധന നിയമങ്ങൾ. മാത്രമല്ല, ഇതെല്ലാം നടക്കുന്നത് മതവിശ്വാസികളുടെ പ്രവർത്തനം മൂലമാണെന്നും മതപരിഗണനയില്ലാതെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലൂടെ ഇവ പരിഹരിക്കാനാകുമെന്നും കരുതുന്നത് അബദ്ധമാണ്.**

**വിവാഹം രജിസ്റ്റർ ചെയ്യപ്പെടണമെന്ന സുപ്രീംകോടതി നിർദേശത്തെ മതവിശ്വാസികൾ ചോദ്യം ചെയ്യേണ്ടതില്ല. എന്നാൽ ആയതു പ്രകാരം വിവിധ സംസ്ഥാന സർക്കാറുകൾ നിർമിക്കുന്ന നിയമങ്ങൾ പഠിക്കാനും പരിശോധിക്കാനും മതവിരുദ്ധ ആശയങ്ങൾ ചൂണ്ടിക്കാണിക്കാനും മതപണ്ഡിതന്മാർക്കും നിയമവിദഗ്ധർക്കും മഹല്ലു ഭാരവാഹികൾക്കും ബാധ്യതയുണ്ട്. കേരളത്തിൽ രൂപപ്പെടുത്തിയ കരട് നിയമം തന്നെ ചർച്ചകൾക്കായാണ് സർക്കാർ സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ നിയമത്തിന്റെ ദൗർബല്യങ്ങൾ ചൂണ്ടിക്കാട്ടാനും പരിഷ്കരണങ്ങൾ നിർദേശിക്കാനും മതസംഘടനാ നേതാക്കളും പണ്ഡിതന്മാരും ഒന്നിച്ചിരിക്കേണ്ടത് അനിവാര്യമാണ്.**

വിവാഹം രജിസ്റ്റർ ചെയ്യുന്നതിലൂടെ ഇവ പരിഹരിക്കാനാകുമെന്നും കരുതുന്നത് അബദ്ധമാണ്. മേൽ വിവരിക്കപ്പെട്ട അക്രമങ്ങളിലേർപ്പെടുന്നത് യഥാർഥ മതവിശ്വാസികളല്ലായെന്ന കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. പക്ഷേ മതത്തെ പ്രതിക്കൂട്ടിലാക്കി പ്രശ്നം 'പരിഹരിച്ചുകളയാനാണ്' പലരും മുതിരുന്നത്.

സുപ്രീംകോടതിവിധിയുടെ ചുവടു പിടിച്ച് കേരള സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്ത നിയമമനുസരിച്ച് പഞ്ചായത്ത് ഡയറക്ടർ ഉന്നതാധികാരിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ താഴെ തലത്തിലുമായി രജിസ്ട്രേഷൻ രേഖകൾ സൂക്ഷിക്കുന്നതിന്റെ ചുമതല വഹിക്കുന്നു. വിവാഹിതരാവുന്നവരിലാരെങ്കിലുമോ അവരുടെ രക്ഷകർത്താക്കളോ ഫോറം നമ്പർ ഒന്നിൽ വിവാഹം നടന്ന് 45 ദിവസത്തിനകം അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കണം. സമയപരിധിയിൽ വീഴ്ചവരുത്തിയാൽ പിഴയടക്കമുള്ള ശിക്ഷ ചുമത്തപ്പെടും. മെമ്മോറാണ്ടത്തിൽ വധൂവരന്മാരും രക്ഷാകർത്താക്കളും ഒപ്പുവെക്കണം. ഇപ്രകാരം ലഭിച്ച അപേക്ഷ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഫോറം നമ്പർ രണ്ടിൽ തയാറാക്കി ഉന്നതാധികാരിക്ക് സമർപ്പിക്കുകയും ഒരു കോപ്പി ഓഫീസിൽ സൂക്ഷിക്കുകയും ചെയ്യുന്നതോടെ നടപടിക്രമം പൂർണമാകുന്നു. കരട് നിയമത്തിന്റെ സെക്ഷൻ 12 പ്രകാരം, ഇതര ഏജൻസികൾ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾക്ക് യാതൊരു പ്രാബല്യവും ഉണ്ടായിരിക്കില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നിയമങ്ങൾ പൊതുവെ വിവാഹം ദുഷ്കരവും വ്യഭിചാരം എളുപ്പവുമാക്കുന്ന സാമൂഹിക സാഹചര്യം സൃഷ്ടിക്കുമെന്ന അഭിപ്രായം ചില കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

ഇന്ത്യയിൽ സാധാരണഗതിയിൽ രണ്ട് രീതിയിലാണ് വിവാഹങ്ങൾ നടക്കാറുള്ളത്. അതിലൊന്ന് 1954-ലെ സ്പെഷ്യൽ മാരേജ് ആക്റ്റ് പ്രകാരമാണ്. ജാതി-മത താൽപര്യങ്ങൾക്കപ്പുറം വിവാഹിതരാവുന്നവരുടെ ഇഷ്ടം മാത്രമാണ് ഇതിൽ പരിഗണിക്കപ്പെടുന്നത്. മതവിശ്വാസികളാവട്ടെ മതങ്ങളുടെ ശാസനകളും അനുഷ്ഠാനങ്ങളും കൂടി പരിഗണിച്ച് വിവാഹത്തിലേർപ്പെടുകയും ചെയ്യുന്നു. 1955-ലെ ഹിന്ദു വിവാഹനിയമമനുസരിച്ച് ദമ്പതിമാർക്ക് മതാചാരപ്രകാരമോ സബ് രജിസ്ട്രാറുടെ മുമ്പാകെയോ ഹാജരായി വിവാഹിതരാവാൻ സ്വാതന്ത്ര്യമുണ്ട്. 1872 മുതൽ പ്രാബല്യത്തിലുള്ള ക്രിസ്തുമത വിവാഹനിയമമനുസരിച്ച് ബന്ധപ്പെട്ട ചർച്ചിലെ രജിസ്റ്ററിൽ വധുവും വരനും പുരോഹിതനും സാക്ഷിയും ഒപ്പുവെക്കുന്നതിലൂടെ വിവാഹത്തിന് പ്രാബല്യം ലഭിക്കുന്നു. ഇസ്ലാമിക പാരമ്പര്യവും കീഴ്വഴക്കവും അനുസരിച്ചും വിവാഹങ്ങൾ നടക്കുന്നിടത്ത് അതിന് കാർമികത്വം വഹിക്കുന്നത് മഹല്ലുകളാണ്. നിലവിൽ രൂപം കൊള്ളാൻ പോകുന്ന വിവാഹ രജിസ്ട്രേഷൻ കരട് നിയമത്തിലൊരിടത്തും വിവാഹിതരാവുന്നവർ മതവിശ്വാസാചാരപ്രകാരമാണോ അതല്ല സ്പെഷ്യൽ മാരേജ് ആക്റ്റ് പ്രകാരമാണോ വിവാഹത്തിലേർപ്പെടുന്നത് എന്ന് വ്യക്തമാക്കേണ്ടതില്ല. അതിനുള്ള അവസരമെങ്കിലും വിവാഹിതർക്ക് നൽകുന്നത് ലളിതമായ യുക്തിയാണ്. മതവിശ്വാസാചാരപ്രകാരം വിവാഹിതരാവുന്നവരാണെങ്കിൽ ആയതിന് പ്രദേശത്തെ മഹല്ലുകളുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് നിബന്ധനയാക്കുകയും വേണം.

ഇസ്ലാമിക വിവാഹനിയമമനുസരിച്ച് ചില വിവാഹബന്ധങ്ങൾ നിഷിദ്ധമാണ്. താഴെ പറയുന്ന വിശുദ്ധ ഖുർആൻ സൂക്തങ്ങൾ അവ വ്യക്തമാക്കുന്നു: ''നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്തിട്ടുള്ള സ്ത്രീകളെ നിങ്ങൾ വിവാഹം ചെയ്തുകൂടാ. മുമ്പ് അങ്ങനെ നടന്നിട്ടുള്ളത് പൊറുക്കപ്പെടുന്നതാണ്. അത് തികച്ചും മ്ലേഛമാകുന്നു. വെറുക്കപ്പെട്ടതാകുന്നു. വഷളായ സമ്പ്രദായമാകുന്നു. നിങ്ങളുടെ ഉമ്മമാരും പെൺമക്കളും പെങ്ങന്മാരും അമ്മായിമാരും (പിതാവിന്റെ സഹോദരി) ഉമ്മയുടെ സഹോദരികളും സഹോദരന്റെയും സഹോദരിയുടെയും പെൺമക്കളും നിങ്ങൾക്ക് മുലയൂട്ടി ഉമ്മമാരായവരും മുലകുടി ബന്ധത്തിലുള്ള സഹോദരിമാരും ഭാര്യയുടെ ഉമ്മമാരും നിങ്ങൾ ദാമ്പത്യം പങ്കിട്ട സ്ത്രീകളിൽ പിറന്ന നിങ്ങളുടെ വീടുകളിൽ വളർന്ന വളർത്തുപുത്രിമാരും- വിവാഹം ചെയ്ത ശേഷം ദാമ്പത്യം പങ്കിടുന്നതിനു മുമ്പ് മോചിപ്പിച്ച സ്ത്രീകളുടെ പെൺമക്കളെ വിവാഹം ചെയ്യുന്നതിൽ കുറ്റമില്ല- സ്വന്തം രക്തത്തിൽനിന്നുണ്ടായ ആൺമക്കളുടെ ഭാര്യമാരായവരും നിങ്ങൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. സഹോദരിമാരായ രണ്ട് സ്ത്രീകളെ ഒരുമിച്ച് ഭാര്യമാരാക്കുന്നതും നിഷിദ്ധമാകുന്നു. നേരത്തേ അങ്ങനെ നടന്നുപോയിട്ടുള്ളത് പൊറുക്കപ്പെടുന്നതാണ്. നിശ്ചയം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാവാരിധിയുമാകുന്നു" (*അന്നിസാഅ്* 22,23). ആൺ-പെൺ വർഗങ്ങൾ യാതൊരു മാനദണ്ഡവുമില്ലാതെ വിവാഹിതരാവുന്നത് ഇസ്ലാം അംഗീകരിക്കുന്നില്ല. വിവാഹത്തിലെ ഈ ധാർമിക നിർദേശം കാത്തുസൂക്ഷിക്കുന്നതിൽ പണ്ഡിതന്മാരും മഹല്ലുകളും വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഇതര മതസമൂഹങ്ങളിലും സമാനമായ വിശ്വാസ ആചാര നിഷ്ഠകളുണ്ട്. ഇവ കണക്കിലെടുക്കുന്നതല്ല പുതിയ കരട് നിയമം എന്നത് അതിന്റെ ഏറ്റവും വലിയ ദൗർബല്യമാണ്.

വിവാഹം രജിസ്റ്റർ ചെയ്യപ്പെടണമെന്ന സുപ്രീംകോടതി നിർദേശത്തെ മതവിശ്വാസികൾ ചോദ്യം ചെയ്യേണ്ടതില്ല. എന്നാൽ ആയതു പ്രകാരം വിവിധ സംസ്ഥാന സർക്കാറുകൾ നിർമിക്കുന്ന നിയമങ്ങൾ പഠിക്കാനും പരിശോധിക്കാനും മതവിരുദ്ധ ആശയങ്ങൾ ചൂണ്ടിക്കാണിക്കാനും മതപണ്ഡിതന്മാർക്കും നിയമവിദഗ്ധർക്കും മഹല്ലു ഭാരവാഹികൾക്കും ബാധ്യതയുണ്ട്. കേരളത്തിൽ രൂപപ്പെടുത്തിയ കരട് നിയമം തന്നെ ചർച്ചകൾക്കായാണ് സർക്കാർ സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ നിയമത്തിന്റെ ദൗർബല്യങ്ങൾ ചൂണ്ടിക്കാട്ടാനും പരിഷ്കരണങ്ങൾ നിർദേശിക്കാനും മതസംഘടനാ നേതാക്കളും പണ്ഡിതന്മാരും ഒന്നിച്ചിരിക്കേണ്ടത് അനിവാര്യമാണ്. ■

faisal.kochi@gmail.com